പി.(ഐ.റ്റി)/10883/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 06.08.2018

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഫയൽ ഫ്ളോ മാനേജ്മെന്റ് സിസ്റ്റം ജീവനക്കാർക്ക് പരിശീലനം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 06.08.2018-ൽ ഇ ഗവേണൻസ് കോ-ഓർഡിനേറ്റർ ഡോ.എസ്.ജെ.ഷാബുവിന്റെ സമർപ്പണം

---------

കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയം, ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയങ്ങൾ, സർക്കാർ കോളേജുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ ഫയൽ ഫ്ളോ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൂന്ന് ഘട്ടങ്ങളിലായി നടത്തിയ മാസ്റ്റേഴ്സ് ട്രെയിനേഴ്സിനുള്ള പരിശീലന പരിപാടി 04.08.2018-ൽ പൂർത്തിയായി. എല്ലാ സ്ഥാപന മേധാവികളും അതാത് സ്ഥാപങ്ങളിൽ നിന്നുള്ള മാസ്റ്റർ ട്രെയിനേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തി ഫയൽ ഫ്ളോ സംബന്ധമായ പരിശീലനം എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും (സൂപ്പർ വൈസറി ഉദ്യോഗസ്ഥർ ഉൾപ്പെടെ) നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പരിശീലന പരിപാടി 10.08.2018-നകം പൂർത്തീകരിക്കുന്നതിന് എല്ലാ സ്ഥാപന മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരിശീലനം പൂർത്തിയാക്കിയ ജീവനക്കാരുടെ വിവരം (പേര്, പെൻ നമ്പർ, തസ്തിക ഉൾപ്പെടെ) 11.08.2018-ന് ഈ ഓഫീസിൽ ലഭ്യമാകേണ്ടതാണ്. (E-mail: planningdce@gmail.com)

(ഒപ്പ്/-)
സീതാലക്ഷ്മി അമ്മ.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

GOVERNMENT OF KERALA 2017-18

452193